പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

(സാന്നിധ്യം. മിനിമോൾ ഡി, ഗവ. അഡീഷണൽ സെക്രട്ടറി)

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം -പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ അദ്ധ്യാപകരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള സംസ്ഥാനതല സീനിയോരിറ്റി പട്ടിക (പ്രൊവിഷണൽ) താൽകാലികമായി പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:-
1. സർക്കാർ കത്ത് നമ്പർ സി4/143/2023 പൊ.വി.വ തീയതി: 05.07.2023.
2. 05/03/2026 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡിജിഇ/21311/2025-എ3 നമ്പർ സർക്കുലർ.

ഉത്തരവ് നമ്പർ എ3/21311/2025 /ഡി.ജി.ഇ തീയതി : 27-03-2026

സൂചന (1) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സംയോജിത സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനും എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി പ്രസ്തുത സീനിയോരിറ്റി പട്ടിക പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദേശിച്ചിരുന്നു. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ജോലി ചെയ്യുവരുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള താൽക്കാലിക സീനിയോരിറ്റി പട്ടികയുടെ കരട് സൂചന (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത കരട് പട്ടികയിലെ ആക്ഷേപങ്ങളും പരാതികളും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന സമർപ്പിക്കുന്നതിനായി നിശ്ചിത സമയം അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ, ലഭ്യമായ പരാതികൾ പരിഹരിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ ജോലി ചെയ്തു വരുന്ന ഹൈസ്കൂൾ അദ്ധ്യാപകരുടെ 01.01.2026 തീയതി പ്രാബല്യത്തിലുള്ള പ്രൊവിഷണൽ സീനിയോരിറ്റി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു. പ്രസ്തുത പട്ടികയിന്മേലുള്ള പരാതികൾ വിദ്യാഭ്യാസ ഉപഡയറക്ടർ മാർ **03/04/2026 തീയതി 5 PM** ന് മുൻപായി ഈ കാര്യാലയത്തിലെ എ വിഭാഗത്തിൽ ഇ മെയിൽ മുഖേന അറിയിക്കേണ്ടതാണ്.
(ഇ.മെയിൽ: **supdta.dge@kerala.gov.in**).

Digitally signed by Minimol D
Date: 27-03-2026 12:58:59

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(ഗവ. അഡീഷണൽ സെക്രട്ടറി)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ല വിദ്യാഭ്യാസ ഓഫീസർമാർക്കും

3. ഡയറക്ടർ,സമഗ്ര ശിക്ഷ കേരളം, തിരുവനന്തപുരം
4. ഡയറക്ടർ,എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
5. എല്ലാ ഡയറ്റ് പ്രിസിപ്പൽമാർക്കും
6. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
7. എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
8. ഓഫീസ് കോപ്പി/കരുതൽ ഫയൽ